**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 627 — 10.06.2014-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ കോളനികളിലെ മൺസൂൺ പൂർവ്വ പരിശോധനകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.കെ.എൻ.എ.ഖാദർ | കുമാരി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | വനാന്തരങ്ങളിലെ പട്ടികവർഗ്ഗ കോളനികളിൽ മൺസൂൺ പൂർവ്വ പരിശോധനകളെന്തെങ്കിലും നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര പരിശോധനയ്ക്ക് നിർദ്ദേശം നൽകുമോ; | എ) | നടത്തിയിട്ടുണ്ട്. വനാന്തരങ്ങളിലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മൺസൂൺ ആരംഭത്തിന് മുമ്പ് ആവശ്യമായ ആരോഗ്യ സുരക്ഷാ മുൻകരുതലുകളും, ക്രമീകരണങ്ങളും ആരോഗ്യവകുപ്പിന്റെ സഹകരണത്തോടുകൂടി നടത്തുന്നതിന് ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി കാലത്ത് പട്ടിണിയും തൊഴിലില്ലായ്മയും ഉണ്ടാകാതിരിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഭക്ഷ്യസഹായ പദ്ധതി നടപ്പാക്കുന്നുണ്ട്. |
| ബി) | പാർപ്പിടങ്ങളുടെ സുരക്ഷയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും അടുത്ത രണ്ടു വർഷത്തിനുള്ളിൽ വീട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗക്കാരുടെ പൂർത്തിയാകാനുള്ളതും കേടുപാടായ വീടുകളുടെയും പൂർത്തീകരണത്തിനും അറ്റകുറ്റപ്പണി നടത്തുന്നതിനും, തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്. |
| സി) | ഇവിടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ നിർദ്ദേശം നല്കുമോ? | സി) | ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ മഴയും തൊഴിലില്ലായ്മയും അനുഭവപ്പെടുന്നതിനാൽ അക്കാലയളവിൽ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ഭക്ഷ്യധാന്യങ്ങൾ നല്കുന്ന ഭക്ഷ്യ സഹായ പദ്ധതി (Food Support Programme) നടപ്പാക്കുന്നുണ്ട്. നടപ്പു വർഷം ഇതിലേക്ക് ആവശ്യമായ തുക പട്ടിക വർഗ്ഗ വികസന വകുപ്പിലെ ജില്ലാ ; ആഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ